DESPATCHED
ON 21/12/21



23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 520(7)/2015/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 3480/SIC-G6/2015)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
തീയതി : 2021 നവംബർ 23

ശ്രീ. ജിൻസ് മാനുവൽ ജയിംസ്,
നെടുങ്ങാട് വീട്,
കാവക്കാട് പി.ഒ.,
കല്ലൂർക്കാട് - 686 668.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ്മാസ്റ്റർ,
സെന്റ് മേരീസ് ഹൈസ്കൂൾ, നാഗപ്പുഴ,
കല്ലൂർക്കാട് പി.ഒ., എറണാകുളം - 686 668.
2) അപ്പീൽ അധികാരി &
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
മൂവാറ്റുപുഴ, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/10/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 24/12/2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/01/2015 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 04/03/2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/03/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/03/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 06/04/2015 |
| ഹിയറിംഗ് നടന്ന തീയതി | 17/11/2021 -കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. ജിൻസ് മാനുവൽ ജയിംസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, അപ്പീൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 21.01.2015-ന് മൂവാറ്റുപുഴ ഡി.ഇ.ഒ. ഓഫീസിൽ വച്ചു നടന്ന ഹിയറിംഗിൽ ഹർജിക്കാരൻ പങ്കെടുത്ത സമയം അപ്പീൽ അധികാരിയായിരുന്ന ഡി.ഇ.ഒ. ടിയാന്റെ പക്കൽ നിന്നും ഒറിജിനൽ രേഖകൾ ഫയലിലെ രേഖകളുമായി ഒത്തു നോക്കാനാണെന്ന വ്യാജേന വാങ്ങിയെങ്കിലും ആയത് തിരികെ നൽകാതെ കബളിപ്പിക്കുകയും

ഹർജിക്കാരനോട് വളരെ മോശമായി സംസാരിക്കുകയും ചെയ്തുവെന്നും ആയതിനാൽ ഹർജിക്കാരന്റെ കൈയിൽ നിന്നും അപ്പീൽ അധികാരി വാങ്ങിയ ഒറിജിനൽ രേഖകൾ കവർന്നെടുക്കുകയും മോശമായി പെരുമാറുകയും ചെയ്തതിനെതിരെ നടപടി സ്വീകരിച്ച് മറുപടി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) 1.6.2014-നു ശേഷം എതിർകക്ഷി ഓഫീസിൽ ലഭിച്ച എല്ലാ വിവരാവകാശ അപേക്ഷകളുടെയും സർട്ടിഫൈഡ് കോപ്പി
2) 1.6.2014-നു ശേഷം എതിർകക്ഷി ഓഫീസിൽ ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ സർട്ടിഫൈഡ് കോപ്പി
3) 1.6.2014-നു ശേഷം മേൽപ്പടി ഓഫീസിൽ ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടിയായി നൽകിയ രേഖകളുടെയെല്ലാം സർട്ടിഫൈഡ് കോപ്പി നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും മറുപടി നൽകിയിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ട് ഹർജിക്കാരൻ 24.12.2014 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതായും ആയതിന്മേൽ 21.1.2015-ന് രണ്ടാം എതിർകക്ഷി ഹിയറിംഗ് നടത്തിയതായും കാണുന്നു. എന്നാൽ അപ്പീൽ തീർപ്പാക്കിയതായോ മറുപടി നൽകിയതായോ കാണുന്നില്ല.

4. രണ്ടാം എതിർകക്ഷി 06.04.2015 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, നാഗപ്പുഴ സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വിവരാവകാശ രേഖകൾ നിരസിച്ചത് സംബന്ധിച്ച് ഹർജിക്കാരൻ സമർപ്പിച്ച പരാതിയിന്മേൽ 21.1.2015 തീയതി നടത്തിയ ഹിയറിംഗിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരായിരുന്നുവെന്നും ഹിയറിംഗ് സമയത്ത് ശ്രീ. ജിൻസ് മാനുവൽ ജെയിംസ് തെളിവിനായി 14.10.2014-ൽ രജിസ്റ്റേർഡായി അയച്ച റിമൈൻഡർ, രജിസ്റ്റർ ചെയ്ത് അയച്ചതിന്റെ പോസ്റ്റ് ഓഫീസിൽ നിന്നുള്ള രസീത്, 23.10.2014-ലെ അക്നോളഡ്ജ്മെന്റ് കാർഡ് എന്നിവ സമർപ്പിച്ചിരുന്നു എന്നും ടി രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതായി ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു എന്നും തുടർന്ന് ടി രേഖകൾ തിരികെ ആവശ്യപ്പെട്ട് ഹർജിക്കാരൻ അപമര്യാദയായി സംസാരിക്കുകയും ഭീഷണിയുടെ സ്വരത്തിൽ ആക്ഷേപം പറഞ്ഞ് ടി ഓഫീസിൽ നിന്നും പോകുകയും ചെയ്തു എന്നും പരാതിയിൽ സൂചിപ്പിക്കുന്നതുപോലെ ടിയാന്റെ പക്കൽ നിന്നും രേഖകളൊന്നും എതിർകക്ഷി വാങ്ങിയിട്ടില്ല എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേലും, അപ്പീൽ അപേക്ഷയിന്മേലും എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന യാതൊന്നും രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശിച്ചതായി കാണുന്നില്ല. അതുപോലെതന്നെ 21.01.2015-ന് ഹിയറിംഗ് നടത്തിയെന്നും, ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരായിരുന്നു എന്നു പറയുന്നെങ്കിലും എപ്രകാരമാണ് അപ്പീൽ തീർപ്പാക്കിയതെന്നോ, തീർപ്പിന്റെ പകർപ്പ്, എസ്.പി.ഐ.ഒ. നൽകിയ മറുപടിയുടെ പകർപ്പ് എന്നിവയൊന്നും റിപ്പോർട്ടിനോടൊപ്പം കമ്മീഷനിൽ രണ്ടാം എതിർകക്ഷി ഹാജരാക്കിയിട്ടുമില്ല. ആയതിൽ നിന്നും കമ്മീഷന് ബോധ്യമാകുന്നത് ഹർജിക്കാരൻ ഉന്നയിക്കന്നതുപോലെ ടിയാന്റെ വിവരാവകാശ അപേക്ഷയിന്മേലും ഒന്നാം അപ്പീൽ അപേക്ഷയിന്മേലും യാതൊരു നടപടികളും എതിർകക്ഷികൾ സ്വീകരിച്ചിട്ടില്ലെന്നാണ്. ആയത് വിവരാവകാശ നിയമം 7(1), 19(6) എന്നീ വകുപ്പുകളുടെ ലംഘനവും വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് ഉത്തരവാദികളായ പരാമർശിത കാലയളവിലെ എതിർകക്ഷികൾ അവരുടെ ഇക്കാര്യത്തിലുള്ള വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ എതിർകക്ഷികൾ അവരുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. വിവരാവകാശ അപേക്ഷയിന്മേൽ ഹർജിക്കാരന് നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്ന് കാണുന്നതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം നിലവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരനുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി